## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1000 05/03/2018-ൽ മറുപടിയ്ക്ക്

## കെ.ജി. സ്കൂളുകളെ ശിശുസൗഹൃദമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിലെ പ്രീ.കെ.ജി., എൽ.കെ.ജി., യു.കെ.ജി. എന്നിവയെ ശിശുസൗഹൃദ മാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാ ണെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ പ്രീസ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം ശാസ്ത്രീയമായി പുനസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി ഒരു ഏകീകൃത പ്രീസ്കൂൾ പാഠ്യപദ്ധതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പാഠ്യപദ്ധതിയുടെ അടിസ്ഥാന ത്തിൽ പ്രീസ്കൂൾ അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകം 'കളിപ്പാട്ടം' എന്ന പേരിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശിശുസൗഹൃദമായ ക്ലാസ് റൂം പ്രവർത്ത നങ്ങൾക്ക് പ്രീ-സ്കൂൾ പാഠ്യപദ്ധതിയും അധ്യാപക സഹായിയും തയ്യാറാക്കിയി ട്ടുണ്ട്. ശിശുസൗഹൃദമായ ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പഠനാന്തരീക്ഷം ഒരുക്കുന്നതിനുള്ള പരിശീലന പ്രവർത്തന ങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രീ-സ്കൂൾ കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തിനും സംരക്ഷണത്തിനും വേണ്ടി മാർഗ്ഗരേഖ തയ്യാറാക്കി നൽകിയിട്ടുണ്ട്. |
| (ബി) | വിദ്യാഭ്യാസ നിയമത്തിലെ നിബന്ധനയ്ക്ക് വിരുദ്ധമായി ഇത്തരം സ്കൂളുകളിൽ പ്രവേശന പരീക്ഷ നടത്തി കുട്ടികളെ പ്രവേശിപ്പിക്കുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ഇല്ല. ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (സി) ഇത്തരം സ്കൂളുകളെ നിയന്ത്രിക്കുന്നതിന് സർക്കാരിന് നിലവിലുള്ള അധികാരം എന്തൊക്കെയാണെന്നും ഇത് കർശനമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) സർക്കാരിന്റെ അനുമതി കൂടാതെ പ്രവർത്തിക്കുന്ന സ്കൂളുകളെ സംബന്ധിക്കുന്ന പരാതി ലഭിച്ചാൽ അന്വേഷണം നടത്തി ഉടൻ തന്നെ നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം അനുമതി നൽകിയ സ്കൂളുകളെ സംബന്ധിച്ചും, നിബന്ധനകൾക്ക് വിരുദ്ധമായി പ്രവേശന പരീക്ഷ നടത്തുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ